പൂർണ്ണമായും നിലയ്ക്കുമെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്. സൊസൈറ്റികളിൽനിന്ന് കക്കവാങ്ങി ഉൽപ്പാദനം നടത്താൻ ശ്രമിച്ചുവെങ്കിലും 400 ടൺ കക്ക മാത്രമാണ് മൂന്ന് ആഴ്ചകൊണ്ട് കമ്പനിക്ക് ലഭിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ കമ്പനിയുടെ പ്രവർത്തനം തടസ്സപ്പെടുത്തുന്നതിനെതിരെ സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് കമ്പനിയും തൊഴിലാളി സംഘടനകളും ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. കേസ് ഈ മാസം 29-ന് ഹിയറിംഗിന് വച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ ഫർദറായി ബന്ധപ്പെട്ടവരുടെ ഒരു യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ കോട്ടയത്ത് വിളിച്ചു ചേർക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. സ്റ്റീഫൻ ജോർജ്: ഗവൺമെന്റ് കമ്പനിക്ക് ലീസിന് കൊടുത്തിട്ടുള്ള സ്ഥലത്ത് എല്ലാ നിയമവ്യവസ്ഥയുമുള്ള മേഖലയിൽ കമ്പനി ഡ്രഡ്ജിംഗ് നടത്താൻ ശ്രമിക്കുമ്പോൾ അത് തടയുന്ന മൽസ്യത്തൊഴിലാളികളിൽനിന്നും കമ്പനിക്ക് പ്രൊട്ടക്ഷൻ കൊടുക്കാനാവശ്യമായ പോലീസ് പ്രൊട്ടക്ഷൻ ഗവൺമെന്റ് നൽകുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: പോലീസ് പ്രൊട്ടക്ഷൻ നൽകാൻ സർക്കാർ തയ്യാറാണ്. പക്ഷേ, അത് ബലപ്രയോഗത്തിൽ മാത്രമേ കലാശിക്കുകയുള്ളൂ എന്നാണ് അവിടെനിന്ന് കിട്ടിയിട്ടുള്ള റിപ്പോർട്ടുകൾ. ഇനിയും അത് തുടരുകയാണെങ്കിൽ തീർച്ചയായും കമ്പനി വളരെ ശക്തമായിത്തന്നെ മുന്നോട്ടു പോകും. അതിന് എല്ലാ സംരക്ഷണവും ഗവൺമെന്റ് നൽകുന്നതാണ്.

(2) സർക്കാർ - എയ്ഡഡ് മേഖലകളിലെ എൽ.പി., യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോണി നെല്ലൂർ: സർ, നമ്മുടെ സംസ്ഥാനത്ത് 12,640 സ്കൂളുകളുണ്ട്. അതിൽ എൽ.പി. സ്കൂളുകൾ 6805-ഉം യു.പി. സ്കൂളുകൾ 3061-ഉം ഹൈസ്കൂളുകൾ 2,774-ഉം ആണ്. ഈ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം 46 ലക്ഷത്തോളം വരും. നമ്മുടെ സംസ്ഥാനത്ത് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ട് വളരെ വർഷങ്ങളായി. നമ്മുടെ സംസ്ഥാനത്തെ എൽ.പി. സ്കൂളുകൾക്കും അതിനുശേഷമുള്ള യു.പി. സ്കൂളുകൾക്കുമൊക്കെ പലതരത്തിലുള്ള പ്രത്യേകതകളുണ്ട്. സംസ്ഥാനത്തെ ഏതാനും ചില സ്കൂളുകളിൽ അഞ്ചാം ക്ളാസ് വരെ ഉണ്ട്. എട്ട്, ഒൻപത്, പത്ത് ക്ളാസുകളും ഉണ്ട്. ആറ്, ഏഴ് ക്ളാസുകൾ മാത്രമില്ലാത്ത വളരെക്കുറച്ച് സ്കൂളുകൾ മാത്രമേയുള്ളൂ. ഞാൻ മനസ്സിലാക്കുന്നത് ഏതാണ്ട് അഞ്ഞൂറോളം

LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകൾ ഉണ്ട്. ആറ്, ഏഴ് ക്ളാസുകളിൽ മാത്രം പഠിക്കാൻ കഴിയാതെ അഞ്ചു വരെ പഠിക്കുന്ന കുട്ടികളെ ഇവിടെനിന്നുമാറ്റി മറ്റ് സ്കൂളുകളിൽ കൊണ്ടു പോയിട്ട് വീണ്ടും എട്ടാം ക്ളാസിൽ പഠിക്കാൻ ഇവിടെ വരേണ്ട സ്ഥിതിവിശേഷമുണ്ട്. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തെ എൽ.പി. സ്കൂളുകളിൽ 18 ലക്ഷത്തോളം വിദ്യാർത്ഥികൾ ഇന്ന് പഠിക്കുന്നുണ്ട്. യു.പി. സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം 14 ലക്ഷമാണ്. അപ്പോൾ നാല് ലക്ഷത്തോളം കുട്ടികൾ സൗകര്യങ്ങളില്ലാത്തതിന്റെ പേരിലാണ് യു.പി. സ്കൂൾ വിദ്യാഭ്യാസത്തിന് പോകാതെ വരുന്നത് എന്ന വസ്തുത ബഹുമാനപ്പെട്ട മന്ത്രി ഒന്ന് ശ്രദ്ധിക്കേണ്ടതായുണ്ട്. വളരെ വിസ്തൃതിയുള്ള പല പഞ്ചായത്തുകളിലും ഒരു യു. പി. സ്കൂൾ മാത്രമാണുള്ളത്. ഹൈസ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകൾ പോലുമുണ്ട്. ഗവൺമെന്റ് ഉടമസ്ഥതയിലുള്ള യു.പി. സ്കൂളുകളെങ്കിലും ഹൈസ്കൂളുകളാക്കി ഉയർത്തണം. ഇതൊരു സാമൂഹ്യ പ്രതിബദ്ധതയായി ഗവൺമെന്റ് ഏറ്റെടുക്കണം. ഉദാഹരണത്തിന് എന്റെ നിയോജക മണ്ഡലത്തിലെ പായിപ്ര പഞ്ചായത്ത് വളരെ വിസ്തൃതിയുള്ള പഞ്ചായത്താണ്. അവിടെ മുളവൂർ ഗവൺമെന്റ് യു.പി. സ്കൂളുണ്ട്. ഈ സ്കൂളൊന്ന് അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം വളരെക്കാലമായിട്ടുള്ളതാണ്. അതിന് ഇന്നുവരെ കഴിഞ്ഞിട്ടില്ല. ഇവിടെയുള്ള വിദ്യാർത്ഥികൾ പലരും വിദ്യാഭ്യാസം നിർത്തിപ്പോവുകയാണ്. അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ട മറ്റൊരുകാര്യം 2774 ഹൈസ്കൂളുകൾ പ്രവർത്തിക്കുന്ന സംസ്ഥാനത്ത് ഇപ്പോൾ 1565 സ്കൂളുകളിൽ മാത്രമാണ് പ്ളസ് ടു കോഴ്സുകൾ അനുവദിച്ചിട്ടുള്ളത്. അങ്ങ് ഈ നിയമസഭയിൽ ഒരിക്കൽ പറഞ്ഞത് ഞാനോർക്കുന്നു. പ്ളസ്ടു സ്കൂളുകളില്ലാത്ത പഞ്ചായത്തുകളിലൊക്കെത്തന്നെ പ്ളസ്ടു സ്കൂളുകൾ അനുവദിക്കുന്നകാര്യം പരിശോധിക്കും എന്ന് പറഞ്ഞു. അത് സ്വാഗതാർഹമായിരുന്നു. പക്ഷേ, നടപടി ഒന്നുമുണ്ടായില്ല. ഈ പ്രാവശ്യം ഗ്രേഡിംഗ് സമ്പ്രദായം വന്നതോടുകൂടി നമ്മുടെ സംസ്ഥാനത്തെ പാസ്സായ കുട്ടികൾക്ക് ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന്, പ്ളസ്ടു വിദ്യാഭ്യാസത്തിന് സീറ്റ് ലഭിച്ചില്ല എന്ന് വളരെ വേദനയോടുകൂടി ഞാൻ ഈ സഭയുടെ മുമ്പിൽ ഉന്നയിക്കാൻ ആഗ്രഹിക്കുകയാണ്. 'സേ' പരീക്ഷ എഴുതിയ കുട്ടികൾ പരീക്ഷ കഴിഞ്ഞ് റിസൽട്ട് വന്നപ്പോൾ അവർക്ക് പഠിക്കാൻ യാതൊരു സൗകര്യവുമില്ല. അതുകൊണ്ട് അങ്ങ് സഭയിൽ മുമ്പ് പറഞ്ഞ സംസ്ഥാനത്തെ പ്ളസ്ടു സ്കൂളുകളില്ലാത്ത പഞ്ചായത്തുകളിൽ പ്ളസ്ടു സ്കൂളുകൾ തുടങ്ങാൻ അല്ലെങ്കിൽ പ്ളസ്ടു കോഴ്സുകൾ അനുവദിക്കാനുള്ള നടപടി ഉണ്ടാകണം എന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്. നമ്മുടെ സംസ്ഥാനത്തെ 702 ഗവൺമെന്റ് സ്കൂളുകളിൽ മാത്രമാണ് പ്ളസ്ടു ഉള്ളത്. ബാക്കിയുള്ള ഗവൺമെന്റ് ഹൈസ്കൂളുകളിൽ പ്ളസ്ടു അനുവദിക്കുന്നതിന് തീർച്ചയായും പഞ്ചായത്തുകൾ ഒരു മാനദണ്ഡമായി എടുക്കണം. ധാരാളം

LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകളുണ്ടെന്ന് ഒരുപക്ഷേ മന്ത്രിക്ക് പറയാം. പക്ഷേ, അങ്ങേയ്ക്ക് അറിയാവുന്ന ഒരു കാര്യമാണ് ചില പ്രദേശങ്ങളിൽ സ്കൂളുകളില്ല. ആ പ്രദേശത്തെ കുട്ടികൾ പഠിക്കാൻ സൗകര്യമില്ലാതെ ബുദ്ധിമുട്ടുകയാണ്. ഓരോ വർഷവും സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ എണ്ണം പരിശോധിക്കുമ്പോൾ പഠനം മുടക്കി പോകുന്നത് അതിനുള്ള സൗകര്യമില്ലാത്തതുകൊണ്ടാണെന്ന് വ്യക്തമാകും. അതുകൊണ്ട് സ്കൂളുകളുടെ കാര്യത്തിൽ ..... വിദ്യാഭ്യാസത്തിന് വളരെയധികം പണം ചെലവഴിക്കുന്ന സംസ്ഥാനമാണ് ഇത്. അതുകൊണ്ട് പ്രാഥമിക വിദ്യാഭ്യാസം കൊടുക്കാൻ, അതിനുള്ള സൗകര്യമുണ്ടാക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണം. വളരെക്കാലമായി നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാത്ത ഒരു സാഹചര്യം വളരെ പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട് എന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ നടപടികൾ സ്വീകരിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി വളരെ മുൻഗണന കൊടുക്കേണ്ട കാര്യമാണ് ആദ്യമേ സൂചിപ്പിച്ച ആറ്, ഏഴ്, ക്ളാസുകൾ മാത്രമില്ലാത്ത സ്കൂളുകൾ. അത് ന്യായമല്ലേ? Natural justice അല്ലേ? ഒന്നു മുതൽ അഞ്ചുവരെ ഉണ്ട്. എട്ട് മുതൽ പത്തു വരെയും ഉണ്ട്. ആറ്, ഏഴ് ക്ളാസുകളിലേക്കുവേണ്ടി കുട്ടികൾ മറ്റു സ്കൂളുകളിലേക്ക് പോകേണ്ടിവരുന്നു. മന്ത്രിസഭ തീർച്ചയായും ഈ കാര്യത്തിൽ ന്യായമായ ഒരു തീരുമാനം എടുക്കണമെന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ കണക്ക് പരിശോധിച്ചാൽ വളരെ വ്യക്തമാണ് ഇവിടിരിക്കുന്ന ജനപ്രതിനിധികൾക്ക് അറിയാം അവരുടെയൊക്കെ പ്രദേശങ്ങൾ പരിശോധിച്ചാൽ പഠനസൗകര്യമില്ലാത്തതിന്റെ പേരിൽ വിദ്യാഭ്യാസം നിർത്തിയ ഒട്ടേറെ കുട്ടികളുണ്ട്. അത് നമുക്ക് അനുവദിക്കാൻ കഴിയുമോ? അതുകൊണ്ട് വളരെക്കാലമായി സംസ്ഥാനത്തെ സ്കൂളുകളൊക്കെ ഉയർത്താൻ നടപടി എടുക്കേണ്ട സാഹചര്യം നിലനിൽക്കുമ്പോൾ അതിവേഗം ബഹുദൂരം മുന്നോട്ടു പോകുന്ന ഗവൺമെന്റ് തീർച്ചയായും വിദ്യാഭ്യാസരംഗത്ത് കാര്യമായ മാറ്റം വരുത്തിക്കൊണ്ട് ഭാവനാസമ്പന്നനായ മന്ത്രി എന്നനിലയിൽ ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ അദ്ദേഹത്തിന്റെ ഭരണകാലയളവിൽത്തന്നെ സംസ്ഥാനത്തെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും കൂടുതൽ സ്കൂളുകളിൽ പ്ളസ്ടു കോഴ്സ് അനുവദിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: ബഹുമാനപ്പെട്ട ജോണി നെല്ലൂർ ഇവിടെ ഉന്നയിച്ച കാര്യങ്ങളോട് ആർക്കും വിയോജിക്കാൻ ഒക്കില്ല. സ്കൂളുകളുടെ അപ്ഗ്രഡേഷൻ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. കുറേക്കാലമായി ഗവൺമെന്റ് സ്കൂളുകളോ അല്ലെങ്കിൽ എയ്ഡഡ് സ്കൂളുകളോ അപ്ഗ്രേഡ് ചെയ്തിട്ടില്ല എന്നുള്ളത് സത്യമാണ്. അതിന്റെ സാഹചര്യം പറയുന്ന സമയത്ത് അദ്ദേഹത്തിനും അറിയാവുന്ന സംഗതിയാണ്. കേരളത്തിലെ ഇന്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യം എന്നു പറയുന്നത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്ത് നേരത്തെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഉണ്ടായിരുന്ന പ്ലസ്ടു കോഴ്സുകളിലെ അദ്ധ്യാപകർക്ക് ശമ്പളം കൊടുത്തിരുന്നില്ല. ആ ബാദ്ധ്യത ഈ ഗവൺമെന്റിൽവന്നു. അപ്രതീക്ഷിതമായി വന്നതല്ല, ശമ്പളം കൊടുക്കാത്ത ആളുകൾക്ക് ശമ്പളം കൊടുക്കണം. പക്ഷേ, പ്ലസ്ടുവിന് ഇത്രയും ശമ്പളം കൊടുക്കേണ്ടിവന്ന ഗവൺമെന്റിന് എതാണ്ട് തൊള്ളായിരത്തോളം പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യേണ്ടതായിവന്നതും അവർക്ക് ശമ്പളം കൊടുക്കേണ്ടിവന്നതും നമ്മുടെ സാമ്പത്തികസാഹചര്യത്തിന്റെ; ഒരുകണക്കിൽ പറഞ്ഞാൽ മുതുക് ഒടിക്കുന്ന ബാധ്യതയാണ് ഈ ഗവൺമെന്റിനു മുന്നിൽ വന്നുപെട്ടത്. അതിനു പുറമെ ആയിരുന്നു ലാബ് അറ്റന്റേഴ്സിന്റെ പ്രശ്നം. ശ്രീ. ജോണിക്കും എല്ലാവർക്കും അറിയാവുന്ന കാര്യമാണ്, ഏതാണ്ട് 1672 തസ്തികകൾ നമുക്ക് സൃഷ്ടിക്കേണ്ടതായിവന്നു. കാരണം നേരത്തെ അപ്പോയിന്റ് ചെയ്ത ലാബ് അറ്റന്റർമാർ ശമ്പളം കിട്ടാതെ ജോലി ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ഗവൺമെന്റിനു മുമ്പിൽ ആ ബാധ്യതകൂടി വന്നു. ഏതാണ്ട് ഒമ്പത്, ഒമ്പതര കോടി രൂപയുടെ ബാധ്യത ആ വഴിയിലും നമ്മൾ എറ്റെടുക്കേണ്ടിവന്നു. ഇങ്ങനെയെല്ലാമുള്ള അധിക സാമ്പത്തിക ബാധ്യത ഗവൺമെന്റിന്റെ ശിരസ്സിൽ വന്നുപെട്ടതുകൊണ്ട് നമുക്ക് ആഗ്രഹമുണ്ടെങ്കിലും ഗവൺമെന്റ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ വയ്യാത്ത സാഹചര്യമാണ്. ഞാൻ ഇതിന്റെ സ്ഥിതിവിവര കണക്ക് ശേഖരിക്കുകയാണ്. ഇപ്പോൾ ഗവൺമെന്റ് ഈ സെക്ടറിലേക്ക് മാത്രമായി 431 സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ സ്കൂളുകൾ ഒരുമിച്ച് അപ്ഗ്രേഡ് ചെയ്യുന്ന സമയത്ത് ഉണ്ടാകുന്ന സാമ്പത്തികബാധ്യത എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതുകൊണ്ട് ഞാനിവിടെ ഏതെല്ലാം അപ്ഗ്രേഡ് ചെയ്യും എന്നുള്ളതിനെപ്പറ്റി വ്യക്തമായി ഒരു commitment നൽകുന്നില്ല. അദ്ദേഹം പറഞ്ഞതുപോലെ എൽ.പി.യുടെ കൂട്ടത്തിൽ അഞ്ചാം ക്ളാസുവരെ പെട്ടുപോയ ചില സ്കൂളുകൾ കേരളത്തിലുണ്ട്. അവയെല്ലാം അപ്ഗ്രേഡ് ചെയ്യണമെന്ന ആഗ്രഹമുണ്ട്. അപ്ഗ്രേഡ് ചെയ്യുന്ന സമയത്ത് ഫസ്റ്റ് പ്രയോറിറ്റി അത്തരം സ്കൂളുകൾക്ക് നൽകുന്നകാര്യം ഗവൺമെന്റ് ഗൗരവമായി എടുക്കും. അതുപോലെ സ്കൂളുകൾ നൽകുന്ന സമയത്ത് അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ഇവിടെ സംഭവിക്കുന്നത് സ്കൂളുകൾ ധാരാളമുണ്ട്. ചിലയിടത്ത് (അൺ ഇക്കണോമിക്ക്) ആയി ചില സ്കൂളുകൾ പൂട്ടുകയാണ്. എന്നാലോ ചില സ്ഥലങ്ങളിൽ സ്കൂളുകൾ ഇല്ലാത്ത സ്ഥിതിയുമുണ്ട്. സ്കൂളുകൾ അനുവദിച്ച സമയത്ത് സ്വീകരിച്ച അശാസ്ത്രീയമായ മാനദണ്ഡത്തിന്റെ ഒരു ദോഷമാണ് നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ആവശ്യമുള്ളിടത്ത് സ്കൂളുകളില്ല, ആവശ്യമില്ലാത്തിടത്ത് സ്കൂളുകളുണ്ട്. അത് പൂട്ടുകയും ചെയ്യുന്ന സ്ഥിതി നമ്മുടെ നാട്ടിൽ വന്നിട്ടുണ്ട്. ആ കാര്യംകൂടി കണക്കിലെടുത്ത് ഇനി അനുവദിക്കുകയാണെങ്കിൽ, ഞാൻ ഖണ്ഡിതമായി പറയുന്നില്ല. കാരണം, ഇന്നത്തെ സാമ്പത്തികസാഹചര്യം വച്ചുകൊണ്ട് ഈ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ ഇന്ന സമയത്ത് പറ്റുമെന്ന് വ്യക്തമായി പറയാൻ ഒക്കില്ല. അതേസമയം അദ്ദേഹം പറഞ്ഞ മറ്റൊരു സംഗതി പ്ലസ്ടു സീറ്റിന്റെ കാര്യമാണ്. വളരെ ശരിയാണ്. കേരളത്തിൽ പലയിടത്തും ഇപ്പോൾ എസ്.എസ്.എൽ.സി. പാസ്സായ കുട്ടികളുടെ എണ്ണവും പ്ലസ്ടു സീറ്റിന്റെ ലഭ്യതയും നോക്കുന്ന സമയത്ത് വലിയ അന്തരമുണ്ട്. ജില്ലാടിസ്ഥാനത്തിൽ എടുക്കുകയാണെങ്കിൽ മൂന്നുനാലു ജില്ലകളിൽ മാത്രമാണ് ഈ അന്തരം ഉള്ളതെങ്കിലും റീജിയണൽ ആയിട്ട് എടുത്തുനോക്കുകയാണെങ്കിൽ മലമ്പ്രദേശങ്ങളിലുംമറ്റും ഈ അസന്തുലിതാവസ്ഥ നിലനിൽക്കുകയാണ്. ഈകാര്യം ഗവൺമെന്റ് ഗൗരവമായിട്ട് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള ഗവൺമെന്റ് സ്കൂളുകളിലെങ്കിലും പെട്ടെന്നുതന്നെ ഏതാനും അഡീഷണൽ കോഴ്സ് കൊടുക്കുന്നകാര്യം ഗവൺമെന്റിന്റെ സജീവപരിഗണനയിലുണ്ട്. അങ്ങനെ കൊടുക്കുകയാണെങ്കിൽ കുറെ പ്രശ്നം തീരുമെന്നാണ് വിചാരിക്കുന്നത്. ആ കാര്യം ഗൗരവമായി ചർച്ച ചെയ്ത് നിലവിലുള്ള ഗവൺമെന്റ് സ്കൂളുകളിൽ അഡീഷണൽ ബാച്ച് കൊടുക്കാൻ പറ്റുമോയെന്ന കാര്യത്തെക്കുറിച്ച് വൈകാതെ തന്നെ ഒരു തീരുമാനമെടുക്കുന്നതാണ്. ഇനി വൈകിയാൽ കൊടുക്കാൻ പറ്റില്ല. അഡ്മിഷൻ തുടങ്ങിക്കഴിഞ്ഞു. ഇനി നീട്ടിക്കൊണ്ടുപോകാനൊക്കില്ല. ആ കാര്യത്തിൽ ചെയ്യാൻകഴിയുന്നതിന്റെ പരമാവധി ചെയ്യുന്നതാണ്. അതുകഴിഞ്ഞതിനുശേഷം ഗവൺമെന്റ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം ടേക്ക്അപ്പ് ചെയ്യാം. അത് എത്രത്തോളം എന്നത് സംബന്ധിച്ച് ഈ ഘട്ടത്തിൽ പറയാൻ പറ്റില്ല. പ്ലസ്ടുവിന്റെ അഡ്മിഷന്റെ പ്രശ്നം ചെറിയ തോതിൽ പരിഹരിക്കാനുള്ള നടപടി എടുക്കുന്നതാണെന്ന് സഭയെ അറിയിക്കുകയാണ്.

ശ്രീ. ജോണി നെല്ലൂർ: സർ, പ്ലസ്ടു സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഗവൺമെന്റ് സ്കൂളുകൾ ഇല്ല എന്നുള്ളതിന്റെ പേരിൽ അവിടെ കുട്ടികൾക്ക് വിദ്യാഭ്യാസം നിഷേധിക്കാൻ കഴിയില്ല. അപ്പോൾ പ്ലസ്ടു സ്കൂളുകൾ അനുവദിക്കാതിരിക്കുമ്പോൾ ഗവൺമെന്റ് സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ നിലവാരമുള്ള എയ്ഡഡ് സ്കൂളുകൾ തിരഞ്ഞെടുത്ത് അവിടെ പ്ലസ്ടു കോഴ്സുകൾ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, പ്ലസ്ടു സ്കൂളുകൾ അനുവദിക്കുന്ന സമയത്ത് തീർച്ചയായിട്ടും ആ പോയിന്റ് പരിഗണിക്കുന്നതാണ്.